**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 949** **06-02-2023 - ൽ മറുപടിയ്ക്ക്**

**താമരശ്ശേരി താലൂക്കിലെ ബഫർ സോൺ പ്രദേശങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വനാതിർത്തിയിൽ നിന്നും ഒരു കിലോ മീറ്റർ ദൂരം ബഫർ സോൺ ആക്കുകയാണെങ്കിൽ താമരശ്ശേരി താലൂക്കിലെ ഓരോ പഞ്ചായത്തിലെയും ഏതെല്ലാം പ്രദേശങ്ങൾ അതിൽ ഉൾപ്പെടുമെന്ന് വ്യക്തമാക്കുമോ; | (എ) | കോഴിക്കോട് ഡിവിഷനിലെ മലബാർ വന്യജീവി സങ്കേതത്തിന്റെ വനാതിർത്തിയിൽനിന്നും ഒരു കി.മീ. ദൂരം ഇക്കോ സെൻസിറ്റീവ് സോൺ ആക്കുകയാണെങ്കിൽ താമരശ്ശേരി താലൂക്കിലെ താഴെ പറയുന്ന പ്രദേശങ്ങൾ അതിൽ ഉൾപ്പെടും.<br>1. പുതുപ്പാടി പഞ്ചായത്ത് - മേലെ കക്കാട് (പ്രെസ്ലി സ്റ്റീഫൻ എസ്റ്റേറ്റിന്റെ ഒരു ഭാഗവും, ചേലവൂർ പ്ലാന്റേഷന്റെ ഒരു ഭാഗവും)<br>2. കട്ടിപ്പാറ പഞ്ചായത്ത് - വനപ്രദേശങ്ങൾ |
| (ബി) | ഇക്കാര്യത്തിൽ താമരശ്ശേരി താലൂക്കിൽ നിന്നും എത്ര പരാതികൾ ലഭിച്ചു എന്നും അതിൽ എത്രയെണ്ണം പരിഹൃതമായെന്നും വ്യക്തമാക്കുമോ; | (ബി) | മലബാർ വന്യജീവി സങ്കേതത്തിനുചുറ്റും ഇക്കോ സെൻസിറ്റീവ് സോൺ പ്രഖ്യാപിക്കുന്നതുമായി ബന്ധപ്പെട്ട് താമരശ്ശേരി താലൂക്കിൽ പുതുപ്പാടി പഞ്ചായത്തിൽ, ഒരു പരാതി ലഭിച്ചിരുന്നു. ആയത് പരിഹരിച്ചിട്ടുണ്ട്. |
| (സി) | പരിഹരിക്കേണ്ട പരാതികൾ ഇനി എത്രയുണ്ടെന്നും അവ എങ്ങനെ പരിഹരിക്കാൻ കഴിയുമെന്നും വ്യക്തമാക്കുമോ? | (സി) | മലബാർ വന്യജീവി സങ്കേതത്തിനുചുറ്റും ഇക്കോ സെൻസിറ്റീവ് സോൺ പ്രഖ്യാപിക്കുന്നതുമായി ബന്ധപ്പെട്ട് താമരശ്ശേരി താലൂക്കിൽ പുതുപ്പാടി പഞ്ചായത്തിൽ ഒരു പരാതി ലഭിച്ചിരുന്നു. ആയത് പരിഹരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ